പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 155 — 09.03.2015 ൽ മറുപടിയ്ക്ക്

## എം.എം.മണിയുടെ അറസ്റ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | സി.പി.ഐ.(എം) നേതാവ് സഖാവ് എം.എം.മണി നടത്തിയതായ ഒരു പ്രസംഗത്തെ തുടർന്ന് അദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്തത് എപ്പോഴായിരുന്നു; അറസ്റ്റ് ചെയ്യുന്നതിനായി സംഭവസ്ഥലത്ത് നിയോഗിക്കപ്പെട്ട പോലീസുകാർ എത്ര യായിരുന്നു; | (എ) | സി.പി.ഐ.(എം) ഇടുക്കി ജില്ലാ സെക്രട്ടറി ആയിരുന്ന എം.എം മണി 25.05.2012- ാം തീയതി തൊടുപുഴ മണക്കാട് വച്ച് നടത്തിയ പ്രസംഗത്തെ തുടർന്ന് ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 118/82 കേസ് പുനരന്വേഷണം നടത്തിയിട്ടുള്ളതും ടി കേസിലേക്ക് 21.11.2012- ാം തീയതി കാലത്ത് 5.30 മണിക്ക് പ്രതിയായ എം.എം.മണിയെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. അഞ്ച് പോലീസ് ഉദ്യോഗസ്ഥർ അറസ്റ്റ് ചെയ്യുന്നതിന് നിയോഗിക്കപ്പെട്ടു. |
| (ബി) | അറസ്റ്റിനെ തുടർന്ന് അദ്ദേഹം എത്ര ദിവസം ജയിലിൽ അടയ്ക്കപ്പെട്ടു; അദ്ദേഹത്തിനു സ്വന്തം നാട്ടിൽ പ്രവേശനം നിഷേധിക്കപ്പെട്ടത് എത്ര ദിവസങ്ങളായിരുന്നു ; | (ബി) | 44 ദിവസം ജയിലിൽ കഴിഞ്ഞു. 198 ദിവസം നാട്ടിൽ പ്രവേശനം തടഞ്ഞിട്ടുണ്ട്. |
| (സി) | അദ്ദേഹത്തിനെതിരെ പോലീസ് ചാർജ്ജ് ചെയ്ത കേസ് എന്തായിരുന്നു; അദ്ദേഹം ഏത് സ്ഥലത്ത് നടത്തിയ പ്രസംഗത്തിന്റെ പേരിലായിരുന്നു കേസ് എടുത്തത്; കേസ് എടുത്ത പോലീസ് ഉദ്യോഗസ്ഥരുടെയും അതേ തുടർന്നുള്ള അന്വേഷണ സംഘത്തിലെ പോലീസ് ഉദ്യോഗസ്ഥരുടെയും പേരുകളും തസ്തികകളും വെളിപ്പെടുത്താമോ ; | (സി) | 25.05.2012-ൽ ഇടുക്കി ജില്ലയിലെ തൊടുപുഴ മണക്കാട് വെച്ച് എം.എം.മണി നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 28.05.2012 തീയതി തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം 1196/12 u/s 302 r/w 109, 118, 116, 505(1)(b) and Sec. 117(E) of KP Act പ്രകാരം തൊടുപുഴ പോലീസ് ഇൻസ്പെക്ടർ ആയിരുന്ന സജി മാർക്കോസ് ആണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കേസിന്റെ അന്വേഷണത്തിന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് അനുസരിച്ച് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുള്ളതും |

.......2

പോലീസ് സൂപ്രണ്ട് പി. പ്രകാശ് ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ (1) ശ്രീ. ആന്റണി തോമസ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, തൊടുപുഴ (2) ശ്രീ. എ.യു. സുനിൽകുമാർ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ക്രൈം ഡിറ്റാച്ച്മെന്റ്, കോട്ടയം, (3) ശ്രീ. എം.ജെ. മാത്യു, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, നാർക്കോട്ടിക് സെൽ, കോട്ടയം എന്നിവരെ ടീമിൽ ഉൾപ്പെടുത്തിയിരുന്നു.

(ഡി) പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണം നടത്താനുള്ള തീരുമാനം സംബന്ധിച്ച സുപ്രീം കോടതിയുടെ വിധി പ്രസ്താവം എന്തായിരുന്നു;

(ഡി) സി.പി.ഐ.(എം) ഇടുക്കി ജില്ലാ സെക്രട്ടറി എം.എം മണിയുടെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ബാലു വധക്കേസ് തുടരന്വേഷണം നടത്തുവാനുള്ള തീരുമാനം ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 24.11.2014-ലെ ഉത്തരവ് പ്രകാരം തള്ളിക്കളഞ്ഞിട്ടുള്ളതാണ്. ഇതിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചുവെങ്കിലും 06.01.2015 തീയതിയിലെ Cr. Appeal No. 9817/14, 9818/14-ലെ വിധിയനുസരിച്ച് ബാലു വധക്കേസിൽ തുടരന്വേഷണാനുമതി നിഷേധിച്ച കേരള ഹൈക്കോടതി വിധി ശരിവെച്ചു കൊണ്ട് അപ്പീൽ തള്ളുകയാണുണ്ടായത്.

(ഇ) വിധിയുടെ അടിസ്ഥാനത്തിൽ, നിയമവിരുദ്ധമായി ഒരു പൊതു പ്രവർത്തകനെ ജയിലിൽ അടച്ചും നാടുകടത്തിയും പീഡിപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

(ഇ) ക്രൈം നമ്പർ 1181/2012 ശാന്തൻപാറ പോലീസ് സ്റ്റേഷൻ അഞ്ചേരി ബേബി വധക്കേസിലാണ് എം.എം.മണിയെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചത്. ഇക്കാര്യത്തിൽ നിയമവിരുദ്ധമായി പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തിച്ചതായി അറിവായിട്ടില്ല.

സെക്ഷൻ ഓഫീസർ